കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് നഗരസഭ - കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നോ പൊതു ആവശ്യ ഫണ്ടിൽ നിന്നോ ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2559/2019/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 13/11/2019

പരാമർശം:- 1. 09/03/2017 ലെ സ.ഉ.(സാധാ)662/2017/ തസ്വഭവ നമ്പർ ഉത്തരവ്.
2. 16/5/2017 ലെ സ.ഉ.(സാധാ)നം.1585/2017/തസ്വഭവ നമ്പർ ഉത്തരവ്.
3. കാസർഗോഡ് നഗരസഭാ സെക്രട്ടറിയുടെ 17/07/2017 ലെ പി.എച്ച്2-7552/2017 നമ്പർ കത്ത്.
4. നഗരകാര്യ ഡയറക്ടറുടെ 29/11/2017, 21/01/2019 തീയതികളിലെ ഡി.സി.3-36604/17 നമ്പർ കത്ത്.

**ഉത്തരവ്**

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി മുനിസിപ്പാലിറ്റികൾക്ക് 31/03/2017 വരെ 10 ലക്ഷവും 01/04/2017 മുതൽ 31/05/2017 വരെ 15 ലക്ഷം രൂപയും അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇതിനുപുറമെ 15/06/2017 വരെ കുടിവെള്ള വിതരണത്തിനായി 7.50 ലക്ഷം രൂപയും പരാമർശം (2) പ്രകാരം മുനിസിപ്പാലിറ്റികൾക്ക് അനുവദിച്ചിരുന്നു. കാസർഗോഡ് നഗരസഭയിലെ 38 വാർഡുകളിൽ 2017 ൽ ടെണ്ടർ നടപടി സ്വീകരിച്ച് 1000 ലിറ്ററിന് 760/- രൂപ നിരക്കിൽ 01/05/2017 മുതൽ 31/05/2017 വരെയും 02/06/2017 മുതൽ 10/06/2017 വരെയും കുടിവെള്ള വിതരണം നടത്തിയിരുന്നു. ഇപ്രകാരം കുടിവെള്ള വിതരണം. നടത്തിയ വകയിൽ കരാറുകാരന് നൽകേണ്ടതായ 27,66,400/- രൂപയിൽ അനുവദനീയമായ 15 ലക്ഷം രൂപയിൽ അധികരിച്ച വന്നിട്ടുള്ള 12,66,400/- രൂപ വികസന ഫണ്ടിൽ നിന്നും കരാറുകാരന് നല്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം കാസർഗോഡ് നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ടി അപേക്ഷ ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിവെള്ള വിതരണത്തിന് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം അനുവദനീയമായ തുകയിൽ നിന്നും കാസർഗോഡ് നഗരസഭ അധികരിച്ച് ചെലവഴിച്ച 5,16,400/- രൂപ (അഞ്ചു ലക്ഷത്തി പതിനാറായിരത്തി നാനൂറ് രൂപ) നഗരസഭയുടെ തനത് ഫണ്ടിലും പൊതു ആവശ്യഫണ്ടിലും മതിയായ തുക ലഭ്യമല്ലായെങ്കിൽ മാത്രം വികസന ഫണ്ടിൽ നിന്നും, ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിച്ചുകൊണ്ട്, കരാറുകാരന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
**ഡെപ്യൂട്ടി സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചെയർപേഴ്സൺ/സെക്രട്ടറി, കാസർഗോഡ് നഗരസഭ.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ